ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ കേന്ദ്ര പ്രവർത്തകസമിതി യോഗം 2018 ഒക്ടോബർ 22,23 തീയതികളിൽ ഗാസിയാബാദിൽ ചേർന്നു. ജനറൽ സെക്ര ട്ടറി സ: പി.അഭിമന്യു പ്രവർത്തന റിപ്പോർട്ടും, ട്രഷറർ സ: ഗോകുൽ ബോറ വരവ്-ചിലവ് കണക്കുകളും അവതരിപ്പിച്ചു. ദേശീയ പണിമുടക്ക്, ബി.എസ്.എൻ.എൽ. സംരക്ഷണം, ശമ്പളപരിഷ്കരണം, അഖിലേന്ത്യാ സമ്മേളനം ഉൾപ്പെടെയുള്ള നിരവധി വിഷയങ്ങൾ യോഗം ചർച്ചചെയ്തു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കേരളത്തിൽ നിന്നും അഖിലേ ന്ത്യാ ഭാരവാഹികളായ സ: എസ്.പ്രതാപ് കുമാർ, സ: വിജയകുമാർ, സർക്കിൾ സെക്ര ട്ടറി സ:സി.സന്തോഷ് കുമാർ എന്നിവർ സംസാരിച്ചു. വിശദമായ ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. 28-09-2018 ൽ ഡെൽഹിയിൽ നടന്ന തൊഴിലാളികളുടെ ദേശീയ കൺവെൻഷൻ ഇന്ത്യാ ഗവൺമെന്റ് തുടരുന്ന ജനവിരുദ്ധ കോർപ്പറേറ്റ് അനുകൂല നയ ങ്ങൾക്കെതിരെ 2019 ജനുവരി 8,9 തീയതികളിൽ രണ്ടുദിവസത്തെ ദേശീയ പൊതു പണി മുടക്കിന് ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തോട് നടത്തിയ ആഹ്വാനത്തെ യോഗം സ്വാഗതം ചെയ്തു. നമ്മുടെ സംഘടനയുടെ സംസ്ഥാന, ജില്ലാ യൂണിയനുകളോട് ഈ രണ്ട് ദിവ സത്തെ പണിമുടക്ക് വിജയിപ്പിക്കാനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കാനും പണിമുടക്ക് പൂർണ്ണ വിജയത്തിലെത്തിക്കാനും യോഗം ആവശ്യപ്പെട്ടു. ഇതിലേ ക്കായി വിപുലീകൃത സർക്കിൾ പ്രവർത്തകസമിതി യോഗങ്ങളും ജില്ലാതലങ്ങളിൽ വമ്പിച്ച യോഗങ്ങളും സംഘടിപ്പിക്കണമെന്നും യോഗം തീരുമാനിച്ചു.

2. ബഹുമാനപ്പെട്ട കേന്ദ്ര കമ്മ്യൂണിക്കേഷൻ വകുപ്പ് മന്ത്രി വേതനപരിഷ്കരണം, 4ജി സ്പെക്ട്രം അനുവദിക്കൽ, പെൻഷൻ പരിഷ്കരണം, പെൻഷൻ കോൺട്രിബ്യൂ ഷൻ എന്നീ വിഷയങ്ങളിൽ നൽകിയ ഉറപ്പുകൾ പാലിക്കാത്തതിൽ പ്രതിഷേധിച്ച് AUAB നടത്താൻ നിശ്ചയിച്ചിരിക്കുന്ന പ്രചരണ പ്രക്ഷോഭ പരിപാടികളെ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം സ്വാഗതം ചെയ്തു. 30-11-2018 നകം ഉറപ്പുകൾ പാലിക്കാത്തപക്ഷം പണി മുടക്കടക്കമുള്ള പ്രക്ഷോഭങ്ങൾ നടത്താൻ AUAB എടുത്ത തീരുമാനങ്ങൾക്ക് യോഗം പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. പ്രസ്തുത പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കാൻ എല്ലാ സർക്കിൾ/ജില്ലാ യൂണിയനുകളും വളരെ ശക്തമായി രംഗത്തിറങ്ങണമെന്നും യോഗം തീരുമാനിച്ചു.

3. വേതനപരിഷ്കരണവുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചകളുടെ പുരോഗതി യോഗം വിലയിരുത്തി. നോൺ എക്സിക്യൂട്ടീവ് രംഗത്തെ രണ്ട് അംഗീകൃത സംഘടന കളും വേതനപരിഷ്കരണ ചർച്ചകളിൽ സ്വീകരിച്ച യോജിച്ച നിലപാടുകളിൽ യോഗം തൃപ്തി രേഖപ്പെടുത്തി. ഭാവിയിൽ സ്റ്റാഗ്നേഷൻ ഉണ്ടാകാത്ത രീതിയിൽ ശമ്പളസ്കെയി ലുകൾ വേതനപരിഷ്കരണ കമ്മിറ്റിയിൽ അംഗീകരിപ്പിക്കാൻ കഴിഞ്ഞത് വളരെ ശ്ലാഘ നീയമാണെന്നും യോഗം വിലയിരുത്തി. എങ്കിലും എക്സിക്യൂട്ടീവ് ജീവനക്കാരുടെ എച്ച്.

ആർ.എ. മരവിപ്പിക്കാനുള്ള തീരുമാനം മാനേജ്മെന്റ് കൈക്കൊണ്ടത് ചൂണ്ടിക്കാണിച്ചു കൊണ്ടും, എച്ച്.ആർ.എ.യും വേതനപരിഷ്കരണവും ഒരുമിച്ച് വർദ്ധിപ്പിച്ചാൽ DOT അംഗീകരിക്കാൻ സാദ്ധ്യതയില്ലെന്ന് പറഞ്ഞുകൊണ്ടും 31-12-2016 മുതൽ എച്ച്.ആർ.എ. മരവിപ്പിക്കാനുള്ള മാനേജ്മെന്റ് നീക്കത്തിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. ഇപ്പോൾ HRA വർദ്ധിപ്പിച്ചില്ലെങ്കിൽ ബഹുഭൂരിപക്ഷം ജീവനക്കാർക്കും അടുത്ത 10 വർഷത്തേക്ക് HRA വർദ്ധന നിഷേധിക്കപ്പെടുമെന്നും അതിനാൽ എന്തു വിലകൊടുത്തും വേതനപരിഷ്കരണം HRA പരിഷ്കരണത്തോടുകൂടി നടപ്പിലാക്കാൻ എല്ലാ ശ്രമങ്ങളും CHQ കൈക്കൊള്ളണമെന്ന് കേന്ദ്ര എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു.

4. 2019 ജനുവരി 8,9 തീയതികളിലെ ദേശീയ പൊതു പണിമുടക്ക് നടക്കുന്നതിനാൽ അഖിലേന്ത്യാ സമ്മേളനം ഡിസംബറിലേക്ക് മാറ്റിയ തീരുമാനം യോഗം അംഗീകരിച്ചു. വിശദമായ ചർച്ചകൾക്കുശേഷം നിലവിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിച്ച് അഖിലേന്ത്യാ സമ്മേളനത്തിന്റെ ഡെലിഗേറ്റ് ഫീസ് 1000 രൂപയായി നിജപ്പെടുത്തുവാനും അംഗങ്ങൾ ഈ തീരുമാനത്തെ അംഗീകരിക്കണമെന്നും യോഗം അഭ്യർത്ഥിച്ചു.

5. 20-11-2018 ന് കാഷ്വൽ/കോൺട്രാക്ട് തൊഴിലാളികളുടെ ഫെഡറേഷൻ അവരുടെ അവകാശ പത്രികയുമായി ബന്ധപ്പെട്ട് ഒരു ദിവസത്തെ ധർണ്ണ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആ ധർണ്ണയ്ക്ക് എല്ലാവിധ പിന്തുണയും നൽകണമെന്ന് യോഗം ആവശ്യപ്പെട്ടു.

6. യംഗ് വർക്കേഴ്സ് കൺവെൻഷൻ വിളിച്ചുചേർത്ത CHQ വിനെയും ആ കൺവെൻഷൻ വളരെ വിജയകരമായി ഭോപ്പാലിൽ സംഘടിപ്പിച്ച മധ്യപ്രദേശ് സർക്കിൾ യൂണിയനെയും യോഗം അഭിനന്ദിച്ചു. അതിന്റെ തുടർച്ചയെന്നോണം എല്ലാ സർക്കിളുകളിലും യംഗ് വർക്കേഴ്സ് കൺവെൻഷൻ വിളിച്ചുചേർക്കണമെന്നും യോഗം അഭ്യർത്ഥിച്ചു.

7. ബി.എസ്.എൻ.എൽ. വർക്കിംഗ് വിമൻസ് കോർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ യോഗം തൃപ്തി രേഖപ്പെടുത്തി. വർക്കിംഗ് വിമൻസ് കോർഡിനേഷൻ കമ്മിറ്റിയുടെ അഖിലേന്ത്യാ പ്രവർത്തക സമിതിയോഗവും അതിനോടനുബന്ധിച്ച് AIDWA അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സ: സുധാസുന്ദർ രാമൻ പങ്കെടുത്ത സെമിനാറും ബാംഗളൂരിൽ വളരെ വിജയകരമായി സംഘടിപ്പിച്ചതിനെയും യോഗം പ്രശംസിച്ചു. BSNL WWCC യുടെ സർക്കിൾതല കൺവെൻഷനുകൾ സംഘടിപ്പിച്ച മധ്യപ്രദേശ്, തമിഴ്നാട് എന്നീ സർക്കിളുകളെ യോഗം അഭിനന്ദിച്ചു. മറ്റ് സർക്കിളുകളിലും ഉടൻ കൺവെൻഷനുകൾ വിളിച്ചുചേർക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

8. ബി.എസ്.എൻ.എൽ.ന്റെ വിപണി വിഹിതം വർദ്ധിപ്പിക്കാനായി ബി.എസ്.എൻ.എൽ. നിങ്ങളുടെ വീട്ടുപടിക്കൽ എന്ന പദ്ധതി ആവിഷ്കരിച്ച AUAB യെ യോഗം അഭിനന്ദിച്ചു. ഈ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം കോർപ്പറേറ്റ് ഓഫീസിൽ 24-09-2018 ന്

AUAB നേതാക്കളുടെയും മാനേജ്മെന്റിന്റെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ നമ്മുടെ ബ്രാൻഡ് അംബാസിഡർ ശ്രീമതി മേരി കോം നിർവ്വഹിച്ചതോടെ ഈ പദ്ധതി ഔദ്യോഗികമായി ജീവനക്കാരുടെയും മാനേജ്മെന്റിന്റെയും ഒരു സംയുക്ത പരിപാടിയായി മാറിയതിൽ സന്തോഷം രേഖപ്പെടുത്തി. എങ്കിലും ബി.എസ്.എൻ.എൽ. നിങ്ങളുടെ വീട്ടുപടിക്കൽ എന്ന പദ്ധതി കാര്യമായ ചലനം ഉണ്ടാക്കിയിട്ടില്ല. അതിനാൽ എല്ലാ ജില്ലാ യൂണിയനുകളും ഈ പദ്ധതി വിജയിപ്പിക്കാൻ മറ്റ് യൂണിയനുകളുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും യോഗം ആവശ്യപ്പെടുന്നു.

9. നമ്മുടെ വെബ്സൈറ്റ് ഹിന്ദിയിലും ആരംഭിച്ചതിന് യോഗം CHQ വിനെ അഭിനന്ദിച്ചു. ഇത് ഹിന്ദി മേഖലകളിലെ നമ്മുടെ പ്രവർത്തകർക്ക് അഖിലേന്ത്യാ തലത്തിലെ ചലനങ്ങൾ കൃത്യമായി അറിയാൻ സാധിക്കുന്നതാണ്. ഈ പ്രവർത്തി തുടരണമെന്നും CHQ വിനോട് യോഗം അഭ്യർത്ഥിച്ചു.